**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3228** **04-08-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയുടെ പ്രത്യേകതകൾ പരിഗണിച്ച് ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിനെ മാതൃകാ മെഡിക്കൽ കോളേജ് ആക്കി മാറ്റുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ഉൾപ്പടെ എല്ലാ മെഡിക്കൽ കോളേജുകളേയും Centres of Excellence ആക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്നതിനാൽ ട്രോമ കേസുകൾ കൂടുതലാകാനുള്ള സാദ്ധ്യതകൾ പരിഗണിച്ച് ട്രോമ കെയർ നിർമ്മാണം നടന്നുവരുന്നു. ട്രോമ കെയർ ഐ.സി.യു, ട്രയാജ് എന്നിവ പൂർത്തിയാക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പി.എം. എസ്.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിച്ചാൽ അതീവ സങ്കീർണ്ണമായ രോഗങ്ങൾക്കുള്ള ചികിത്സയും ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമാകും. നബാർഡ് ധനസഹായത്തോടെ ഗൈനക്കോളജി ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇത് പൂർത്തിയാകുന്നതോടെ മാതൃ ശിശു വിഭാഗത്തിലെ രോഗികൾക്കായി ഒരു പ്രത്യേക ബ്ലോക്ക് പ്രവർത്തനസജ്ജമാകും. രോഗീ പരിചരണത്തിനായി 9.85 കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച ഒരു മൾട്ടി ഡിസിപ്ലിനറി ഐ.സി.യു പ്രവർത്തിച്ചു വരുന്നുണ്ട്. അർബുദ രോഗ ചികിത്സാ രംഗത്തെ ഏറ്റവും നൂതന സംവിധാനമായ ലീനിയർ ആക്സിലറേറ്റർ, സി.റ്റി സിമുലേറ്റർ എന്നിവയും ചികിത്സയ്ക്കായി ഉപയോഗിച്ചു വരുന്നു. പുതിയ ഓങ്കോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് ആദ്യ ഗഡുവായി അനുവദിച്ച 3.2 കോടി രൂപ ഉപയോഗിച്ച് സ്ഥലമൊരുക്കൽ, ചുറ്റുമതിൽ നിർമ്മാണം, അനുബന്ധ റോഡ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ എം.ആർ.ഐ സ്കാനർ, 16 സ്ലൈസ് സി.റ്റി സ്കാനർ ഇവയുടെ സേവനവും ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, റിസർച്ചിന് കൂടുതൽ സൗകര്യങ്ങൾ, കൂടുതൽ പി ജി കോഴ്സുകൾ, രോഗികൾക്കും ജീവനക്കാർക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ, അഡീഷണൽ ബ്ലോക്ക്, താഴ്ന്ന വിഭാഗം ജീവനക്കാരുടെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ആലപ്പുഴ ജനറൽ ആശുപത്രിയിൽ കുറച്ച് ജീവനക്കാരെ ഉൾക്കൊള്ളിച്ച് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. റിസർച്ചിന് കൂടുതൽ സൗകര്യങ്ങൾ, കൂടുതൽ പി.ജി കോഴ്സുകൾ, രോഗികൾക്കും ജീവനക്കാർക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ, അഡീഷണൽ ബ്ലോക്ക്, താഴ്ന്ന വിഭാഗം ജീവനക്കാരുടെ ലഭ്യത തുടങ്ങിയവ നടപ്പിലാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ